അങ്കണവാടി ജീവനക്കാർ

229 (3069) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് അസ്സോസിയേഷൻ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്കണവാടി ജീവനക്കാർക്ക് അംഗപരിമിത സർവ്വേ നടത്തിയതിന്റെ ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) അങ്കണവാടി ജീവനക്കാർക്ക് ക്ഷേമനിധി പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഡേറ്റാ എൻട്രി പൂർത്തീകരിച്ചതിനുശേഷം ലഭിക്കുന്ന കമ്പ്യൂട്ടർ ജനറേറ്റഡ് കണക്കുകൾ പ്രകാരമാണ് എന്യൂമറേറ്റർമാർക്ക് പ്രതിഫല തുക നിശ്ചയിക്കുന്നത്. ഇതിനുവേണ്ടിയുള്ള പ്രവർത്തനം നടന്നു വരുന്നു.

(സി) നിലവിലുണ്ട്.

അങ്കണവാടി ജീവനക്കാരുടെ ആവശ്യങ്ങൾ

230 (3070) ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീമതി കെ. എസ്. സലീഖ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർ നടത്തി വരുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങളാണ് ജീവനക്കാർ ഉന്നയിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യങ്ങളെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ;

(സി) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly